പരിഹാരം കാണണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. സർജൻ ഇല്ലാത്തതുകൊണ്ടും അനസ്തേസിസ്റ്റില്ലാത്തതുകൊണ്ടും അവിടെ യാതൊന്നും നടക്കുന്നില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യം ഗൗരവമായിട്ടെടുക്കണം. പണക്കാർക്ക് പ്രൈവറ്റ് ആശുപത്രിയിലൊക്കെ പോകാം.

മി. ഡെപ്യൂട്ടി സ്പീക്കർ: Yes, Yes.....Please conclude.

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: ഞാൻ ഒന്നു പറയട്ടെ സർ, പാവപ്പെട്ട ജനങ്ങളുടെ പ്രശ്നമാണ് പറയുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത് സബ്മിഷനാണ്, നിങ്ങൾക്കൊക്കെ അറിയാമല്ലോ.

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: സർ, രാഷ്ട്രീയം പറയാൻ അങ്ങ് സമ്മതിച്ചു, പാവപ്പെട്ട ജനങ്ങൾക്ക് ഈ സർക്കാർ ആശുപത്രിയല്ലാതെ സ്വകാര്യ ആശുപത്രിയിൽ പോകാൻ യാതൊരു നിർവ്വാഹവുമില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് പറയുന്നു അവിടെ സർജനേയും അനസ്തേസിസ്റ്റിനേയും നിയോഗിച്ചുകൊണ്ട് ആശുപത്രിയെ ഒന്ന് ജനങ്ങൾക്ക് ഉപകരിക്കത്തക്കവിധത്തിൽ ആക്കിത്തീർക്കാൻ അവിടത്തെ സൂപ്രണ്ടിനേയും ഡി.എച്ച്.എസ്.-നേയും വിളിച്ച് ചർച്ച നടത്തണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ ആവശ്യപ്പെടുന്നു.

ശ്രീ. കടവൂർ ശിവദാസൻ: ഹെൽത്ത് ഡിപ്പാർട്ടുമെന്റിൽ പൊതുവേ ഡോക്ടർമാരുടെ കുറവ് ഉണ്ട്. അതിന്റെ പ്രതിഫലനം ഉണ്ടെന്ന് മാത്രമേയുള്ളൂ. മഞ്ചേരി ജില്ലാശുപത്രിയിൽ അനുവദിച്ചിട്ടുള്ള 40 ഡോക്ടർമാരുടെ തസ്തികയിൽ 5 എണ്ണവും 101 സ്റ്റാഫ് നഴ്സുമാരുടെ തസ്തികയിൽ മൂന്ന് എണ്ണവും ഒഴിഞ്ഞുകിടക്കുകയാണ്. 25 ഹെഡ് നഴ്സുമാരുടെ തസ്തികകളിൽ ഇരുപത്തിയഞ്ചിലും ജീവനക്കാരുണ്ട്. പാരാ മൊഡിക്കൽ സ്റ്റാഫിലുള്ള ഒഴിവുകൾ നികത്താൻ സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. 50 കിടക്കകളാണ് അനുവദിച്ചിട്ടുള്ളത്. അറുന്നൂറിൽപ്പരം രോഗികളെ കിടത്തി ചികിൽസിക്കുന്നുണ്ട്. ഒ. പി. വിഭാഗവും കാഷ്വാലിറ്റിയും പ്രവർത്തിക്കുന്നുണ്ട്. എക്സ്-റേ, ലബോറട്ടറി, മോർച്ചറി എന്നീ സൗകര്യങ്ങളും അവിടെയുണ്ട്. പ്രാദേശികമായ പ്രത്യേകത കണക്കിലെടുത്ത് ആശുപത്രിക്ക് വേണ്ടതായ സൗകര്യം ലഭ്യമാക്കി പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യം ലഭ്യമാക്കാൻ ശ്രമിച്ചുവരികയാണ്. മോഡണൈസിംങ് ഗവൺമെന്റ് പ്രോഗ്രാമിൽ മലപ്പുറം ജില്ലയെ ഉൾപ്പെടുത്തിയിട്ടുള്ളതുകൊണ്ട് മെച്ചപ്പെട്ട ഭൗതിക സൗകര്യങ്ങൾ അവിടെയുണ്ടാക്കും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ പ്രത്യേകമായി ശ്രദ്ധിച്ചു വേണ്ടത് ചെയ്യുന്നതാണ്.

(4) ഡോക്ടർമാർ, ജെ.പി.എച്ച്.എൻ., ജെ.എച്ച്.ഐ. എന്നിവരുടെ തസ്തികകളിൽ നിയമനം

ശ്രീ. വി. കെ. ചന്ദ്രൻ: സംസ്ഥാനത്തെ വിവിധ മേഖലകളിൽ നിയന്ത്രണ വിധേയമായിരുന്ന പല മാരക രോഗങ്ങളും ഇപ്പോൾ തിരിച്ചുവന്നുകൊണ്ടിരിക്കുകയാണ്. മലമ്പനി, ഡെങ്കിപ്പനി, കോളറ തുടങ്ങിയ രോഗങ്ങൾ സംസ്ഥാന വ്യാപകമായി പടർന്നുപിടിക്കുകയാണ്. സംസ്ഥാനത്തിന്റെ വിവിധ ആശുപത്രികളിൽ പതിനായിരക്കണക്കിന് ആളുകൾ ചികിൽസ തേടി എത്തുകയാണ്. അതിൽ പല ആളുകളും മരിച്ചുപോയി. ആശുപത്രിയിൽ വന്നാൽ അവരെ ശുശ്രൂഷിക്കാനും ഈ

LIBRARY ARCHIVES Kerala Legislative Assembly

രോഗം പടർന്നുപിടിക്കുന്നത് നിയന്ത്രിക്കാനും ഡോക്ടർമാരും ഇല്ല, ജെ.പി.എച്ച്.എൻ.-മാരും ജെ.എച്ച്.ഐ.-മാരും ഇല്ല. ഇവരുടെ റാങ്ക് ലിസ്റ്റ് നമ്മുടെ സംസ്ഥാനത്ത് നിലവിലുണ്ട്. ആ റാങ്ക് ലിസ്റ്റ് നിലവിലുണ്ടെങ്കിലും അവരിൽ പല ആളുകളും ഏജ് ഓവർ ആയി കൊണ്ടിരിക്കുകയാണ്. അവരെ നിയമിക്കാൻ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന്റെ ആരോഗ്യ രംഗത്ത് ആവശ്യമായ നേട്ടം ഉണ്ടാക്കുന്നതിനും ഒഴിവുള്ള തസ്തികകൾ പൂർണ്ണമായി നികത്താൻ, അത് ബഹുമാനപ്പെട്ട മന്ത്രിയ്ക്ക് അറിയാം, ആവശ്യമായ നടപടികൾ സ്വീകരിക്കുന്നകാര്യം അനുഭാവപൂർവം പരിഗണിക്കണമെന്ന് അപേക്ഷിക്കുന്നു.

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, ഡോക്ടർമാരുടെ കുറവല്ല, ജെ.പി.എച്ച്.എൻ.-നെ നിയമിക്കുന്നില്ല എന്നതാണ് അദ്ദേഹത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ആരോപണം. അതിന് പബ്ലിക് സർവീസ് കമ്മിഷന്റെ ഒരു ലിസ്റ്റ് ഉണ്ട്. അതിൽ ഒരു പ്രശ്നമുള്ളത് കുഷ്ഠരോഗ നിവാരണത്തിന്റേതായ സെൻട്രൽ ഗവൺമെന്റിന്റെ ഒരു സ്ഥാപനം ഉണ്ടായിരുന്നു. ആ സ്കീം സെൻട്രൽ ഗവൺമെന്റ് നിറുത്തി. അതുകൊണ്ട് അതിൽ ഉണ്ടായിരുന്ന 450-ഓളം വരുന്ന ജീവനക്കാരെ ഹെൽത്ത് ഡിപ്പാർട്ടുമെന്റിൽ ഉൾക്കൊള്ളിക്കുകയല്ലാതെ മറ്റ് മാർഗ്ഗമില്ല. അതാണ് വ്യവസ്ഥ. അതനുസരിച്ച് ഈ ജെ.പി.എച്ച്.എൻ.-കളുടെ പോസ്റ്റിലാണ് അവർ വരുന്നത്. അവരെ ഉൾപ്പെടുത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിനുശേഷമുള്ള എല്ലാ പോസ്റ്റുകളിലും പി.എസ്.സി.-യിൽ നിന്നുള്ള ആളുകളെ നിയമിക്കുന്നതാണ്.

(5) സാരസ്വത അബ്രാഹ്മണ സമുദായത്തിലെ കുട്ടികൾക്ക് ഒ.ബി.സി. സർട്ടിഫിക്കറ്റ്

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: 16-ാം നൂറ്റാണ്ടിൽ കേരളത്തിൽ കുടിയേറിപ്പാർത്ത, ഇപ്പോൾ കൊച്ചിയിലും മറ്റ് ചില സ്ഥലങ്ങളിലും മാത്രം കാണപ്പെടുന്ന ചെറിയ ഒരു സമുദായമാണ് സാരസ്വത അബ്രാഹ്മണ സമുദായം. ഈ സമുദായത്തിൽ വിവാഹബന്ധം വരെ നിഷിപ്തമായിരുന്നു. 1931-ൽ കൊച്ചി രാജാവ് ഒരു രാജവിളംബരം പുറപ്പെടുവിപ്പിക്കുകയും അവരെ സമൂഹത്തിലെ മുഖ്യ ധാരയിൽ കൊണ്ടുവരികയും പിന്നോക്ക സമുദായത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു. 1961 വരെ ഇവരെ നമ്മുടെ സംസ്ഥാനത്തെ ഒ.ബി.സി.-യിൽ ഉൾപ്പെടുത്തി പിന്നോക്ക സമുദായങ്ങളുടെ എല്ലാ ആനുകൂല്യങ്ങളും ലഭിച്ചിരുന്നു. പക്ഷെ അതിനുശേഷം നമ്മുടെ സംസ്ഥാനത്ത് അവരുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ആവശ്യത്തിന് തഹൽസിൽദാർമാരും വില്ലേജ് ഓഫീസർമാരും ഒരു സർട്ടിഫിക്കറ്റ് പോലും കൊടുക്കാത്ത അവസ്ഥയായി. കർണ്ണാടകയിലും ഗോവയിലും അതുപോലെ ആന്ധ്രയിലും ഒക്കെ ഇവർ ഇപ്പോഴും ഒ.ബി.സി.-യാണ്. മാത്രമല്ല, കേന്ദ്ര ഗവൺമെന്റ് 99-ൽ ഇവരെ ഒ.ബി.സി.-യിൽ ഉൾപ്പെടുത്തി ഒരു വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇവരുടെ കാര്യം വളരെ അനുഭാവപൂർവം പരിഗണിക്കുകയും അവരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിന് ഉതകുന്ന വിധത്തിലുള്ള സർട്ടിഫിക്കറ്റുകൾ നൽകാൻ സഹായിക്കുകയും ഇവരെ ഒ.ബി.സി.-യിൽ ഉൾപ്പെടുത്തി സഹായിക്കുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഗവൺമെന്റിന് അതൊരു എക്സിക്യൂട്ടീവ് ഓർഡർ കൊണ്ട് ചെയ്യാമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇതിന് നടപടികൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly